# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4603 — 26.10.2016-ൽ മറുപടിയ്ക്ക്

## സാംസ്കാരിക വകുപ്പ് നടപ്പിലാക്കാനായി ആവിഷ്കരിച്ച പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ: | **ശ്രീ.എ.കെ. ബാലൻ<br>പട്ടിക ജാതി പട്ടികവർഗ്ഗ<br>പിന്നോക്ക സമുദായ ക്ഷേമവും<br>നിയമവും സാംസ്കാരികവും<br>പാർലമെന്ററികാര്യവും വകുപ്പ മന്ത്രി** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാംസ്കാരിക വകുപ്പ് നടപ്പിലാക്കാനായി ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാംസ്കാരിക വകുപ്പ് നടപ്പിലാക്കാനായി ആവിഷ്കരിച്ച പ്രധാനപ്പെട്ട പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>(1) എല്ലാ ജില്ലാ കേന്ദ്രങ്ങളിലും സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുക;<br>(2) അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവൽ നടത്തിപ്പിനായി മൾട്ടിപ്ലക്സ് ഫിലിംഫെസ്റ്റ് കോംപ്ലക്സ് നിർമ്മിക്കുക;<br>(3) ചിത്രാഞ്ജലി സ്റ്റുഡിയോയെ അന്താരാഷ്ട്ര നിലവാരമുള്ള ഫിലിംസിറ്റിയായി രൂപാന്തര പ്പെടുത്തുക.<br>വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) സാംസ്കാരിക സ്ഥാപനങ്ങളെയും ഗ്രന്ഥശാലകളെയും വൈ-ഫൈ കണക്റ്റിവിറ്റി കേന്ദ്രങ്ങളാക്കുമെന്ന പ്രഖ്യാപനത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ ഏതെല്ലാം സ്ഥാപനങ്ങളെയാണ് പരിഗണിക്കുന്നത് എന്ന് വ്യക്തമാക്കുമോ; ഇവയുടെ പട്ടിക നൽകുമോ; | (ബി) & (സി) 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന 1300 ഒന്നാം ഗ്രേഡ് ലൈബ്രറികളിലും കൂടാതെ ബസ്സ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷൻ, പാർക്കുകൾ മുതലായ പൊതു ഇടങ്ങളിലും വൈഫൈ സൗകര്യം ഏർപ്പെടുത്തുന്നതിന് 25 കോടി രൂപ വിവര സാങ്കേതിക വകുപ്പിന് വകയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ആവിഷ്കരിച്ച് വരുന്നു. |
| (സി) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്ഥാപനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്; പദ്ധതി നിർവ്വഹണത്തിന് സാംസ്കാരിക സ്ഥാപനം ഒരുക്കേണ്ട സൗകര്യങ്ങൾ വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## സാംസ്കാരിക കാര്യ വകുപ്പ്

## നടപ്പിലാക്കാനായി ആവിഷ്കരിച്ച പദ്ധതികൾ

### A) സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം

കേരള സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുക എന്നത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കാനായി ആവിഷ്കരിച്ച പ്രധാന പദ്ധതികളിലൊന്നാണ്. സ്ഥലത്തിന്റെ വില ഉൾപ്പെടുത്താതെ ഓരോ ജില്ലകളിലേയും സാംസ്കാരിക സമുച്ചയത്തിന് ഏകദേശം 40 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. Kerala Infrastructure Investment Fund Board (KIIFB) ന്റെ പ്രത്യേക സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന ടി പദ്ധതിയുടെ നോഡൽ ഓഫീസർ സാംസ്കാരിക വകുപ്പ് സെക്രട്ടറിയും നോഡൽ ഏജൻസി, സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റും Special Purpose Vehicle (SPV) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനുമായിരിക്കും.

### B) സംസ്ഥാന ചലച്ചിത്ര അക്കാദമി

Kerala Infrastructure Investment Fund Board (KIIFB) ന്റെ 100 കോടിയും പ്രത്യേക സാമ്പത്തിക സഹായത്തോടെ തിരുവനന്തപുരത്ത് ചിത്രാഞ്ജലി സ്റ്റുഡിയോ കോമ്പൗണ്ടിൽ അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവൽ നടത്തിപ്പിനായി മൾട്ടി പർപ്പസ് ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ് നിർമ്മിക്കുന്ന പദ്ധതി സംസ്ഥാന ചലച്ചിത്ര അക്കാദമി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നോഡൽ ഏജൻസി സംസ്ഥാന ചലച്ചിത്ര അക്കാദമിയും Special Purpose Vehicle (SPV) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനുമായിരിക്കും.

### C) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

കേരളപ്പിറവിയുടെ 60-ാം വാർഷികം പ്രമാണിച്ച് പ്രതിമാസം 5 പുസ്തകം വീതം ഒരു കൊല്ലം കൊണ്ട് 60 പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തീരുമാനിച്ചിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക ക്ഷേമം, വ്യവസായം, ഗതാഗതം ഇത്യാദി വിഷയങ്ങളെ സംബന്ധിച്ചുള്ളതായിരിക്കും പുസ്തകങ്ങൾ.

### D) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ

KIIFB ന്റെ 150 കോടിയുടെ പ്രത്യേക സാമ്പത്തിക സഹായത്തോടെ തിരുവനന്തപുരം ചിത്രാഞ്ജലി സ്റ്റുഡിയോയെ അന്താരാഷ്ട്ര നിലവാരമുള്ള ഫിലിം സിറ്റിയായി രൂപാന്തരപ്പെടുത്താനുള്ള പദ്ധതി നടപ്പിലാക്കുന്നു എന്നത് KSFDC യുടെ വികസന പാതയിലേയ്ക്കുള്ള കുതിച്ചു ചാട്ടത്തിന്റെ ആദ്യ ചുവടുവയ്പ്പാണ്. ടി പദ്ധതിയുടെ Special Purpose Vehicle, Nodal Agency ആയി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ പ്രവർത്തിക്കുന്നതാണ്. വടക്കൻ പറവൂർ, ചിറ്റൂർ ചിത്രാഞ്ജലി തീയേറ്ററിന്റെ പുനരുദ്ധാരണത്തിനും ഇരട്ടിപ്പിക്കലിനുമായുള്ള പദ്ധതികൾ നടത്താനുദ്ദേശിക്കുന്നു. കൂടാതെ ഗ്രാമീണ മേഖലകളിൽ തീയേറ്റർ ശൃംഖല നിർമ്മിക്കാൻ ഉടക്കം കുറിച്ചിട്ടുണ്ട്.